91. കളരി രൂപപ്പെട്ടത് ഏതിൽനിന്ന് ?

(1) ധനുർവേദം (2) ആയുർവേദം

(3) ഋഗ്വേദം (4) സ്ഥാപത്യവേദം

92. കേരളത്തിലെ കളരികളിൽ നടത്താതിരുന്നത് :

(1) കായികപരിശീലനം (2) ചാരപ്രവർത്തനം

(3) അക്ഷരാഭ്യാസം (4) ആയുധാഭ്യാസം

93. ''നൂറ്റാണ്ട് '' സന്ധി ഏത് ?

(1) ലോപം (2) ദ്വിത്വം (3) ആഗമം (4) ആദേശം

94. 'മർമവിദ്യ' സമാസം ഏത് ?

(1) മധ്യമപദലോപിതത്പുരുഷൻ

(2) അലുപ്തം

(3) ബഹുവ്രീഹി

(4) പ്രയോജികാതത്പുരുഷൻ

95. എന്തിനോടു ചേർന്നാണ് കളരികൾ സ്ഥാപിച്ചിരുന്നത് ?

(1) വിദ്യാലയം (2) സത്രം

(3) സുബ്രഹ്മണ്യസ്വാമിക്ഷേത്രം (4) ഭദ്രകാളീക്ഷേത്രം

96. ബ്രാഹ്മണർക്ക് ആയുധപരിശീലനം നൽകിയത് ആരാണെന്നാണ് വിശ്വാസം ?

(1) ബലരാമൻ (2) കോദണ്ഡരാമൻ (3) ഭാർഗവരാമൻ (4) ശ്രീരാമൻ

97. ''ഗുരുത്തറ'' സന്ധി ഏത് ?

(1) ആദേശം (2) ലോപം (3) ദ്വിത്വം (4) ആഗമം

98. 'ഇലങ്കം' എന്നാലെന്ത് ?

(1) കേന്ദ്രം (2) ക്ഷേത്രം (3) കളരി (4) ചുവടുകൾ

99. തുളുനാടിന്റെ പ്രാധാന്യം എന്ത് ?

(1) കളരികളുടെ കേന്ദ്രം (2) കളരികൾ ഇല്ലാത്ത ഇടം

(3) പ്രധാനകേന്ദ്രം (4) അപ്രധാനകേന്ദ്രം

www.careerindia.com

CAREERINDIA

**109.** വിദ്യാർത്ഥികളെ പഠിപ്പിക്കുവാനായി ഒരു ഭാഷാദ്ധ്യാപിക എന്നും ദിനപ്പത്രങ്ങൾ, മെനു കാർഡുകൾ, ട്രെയിൻ ടിക്കറ്റുകൾ എന്നീ വസ്തുക്കൾ കൊണ്ടുവന്നിരുന്നു. ബോധനത്തിൽ അവർ നിർവഹിക്കുന്നതെന്ത് ?

(1) യഥാതഥജീവിതസന്ദർഭങ്ങളിലൂടെ തന്റെ വിദ്യാർത്ഥികളെ ഇംഗ്ലിഷ് പഠിപ്പിക്കുവാൻ അവർ ആഗ്രഹിക്കുന്നു.

(2) വിദ്യാർത്ഥികളിൽ അവർ അവബോധം സൃഷ്ടിക്കുന്നു.

(3) ആധികാരികവസ്തുക്കൾഉപയോഗപ്പെടുത്തി തന്റെ ബോധനത്തെ കൂടുതൽ യഥാതഥവും പ്രയോജനപ്രദവുമാക്കുന്നു.

(4) ബഹുഭാഷാപഠനത്തിന് തന്റെ വിദ്യാർത്ഥികളെ സഹായിക്കുവാൻ പരിശ്രമിക്കുന്നു.

**110.** ഇന്ത്യയിലെ ഭാഷകളെസ്സംബന്ധിച്ച് ശരിയല്ലാത്ത പ്രസ്താവന ഇവയിലേത് ?

(1) സംസ്കൃതം ഒരു ആധുനികഭാരതീയഭാഷയാണ്.

(2) ഇന്ത്യൻഉപഭൂഖണ്ഡത്തിലെ ഒരു സമ്പർക്കഭാഷയാണ് ഹിന്ദി.

(3) ഇന്ത്യൻഭരണഘടന പ്രകാരം ഇംഗ്ലിഷ് ഒരു ബന്ധഭാഷയാണ്.

(4) ഇന്ത്യൻഭരണഘടനയുടെ എട്ടാം ഷെഡ്യൂൾ ലിസ്റ്റ് പ്രകാരം ഇരുപത്തിരണ്ടു ഭാഷകളുണ്ട്.

**111.** ഭാരതത്തിലുള്ള ബഹുഭാഷിത്വം അധ്യാപകർ ഗ്രഹിക്കണമെന്നതിന്റെ ഉദ്ദേശ്യം :

(1) വൈവിധ്യസ്വഭാവമുള്ള സമൂഹത്തിൽ ഒരുഭാഷാനയം രൂപവത്കരിക്കപ്പെടണം.

(2) ഭാഷ, സ്വത്വം, സംസ്കാരം ഇവ വേറിട്ട അസ്തിത്വങ്ങളാണ്.

(3) ആശയവിനിമയം നടക്കുമ്പോൾ സാമൂഹികസമരസത നിലനിൽക്കുന്നു.

(4) ന്യൂനപക്ഷഭാഷകൾ മേൽക്കോയ്മാഭാഷകളോട് സംയോജിക്കപ്പെടണം.

**112.** കഥയുടെ സ്ഥലസമയങ്ങളെ വിളിക്കുന്നത് എന്ത് ?

(1) ഇതിവൃത്തം (2) പരിസമാപ്തി (3) പ്രമേയം (4) പശ്ചാത്തലം

**113.** 'ശ്രവണം' ഉൾക്കൊള്ളുന്നത് :

(1) പൂർവവിഷയജ്ഞാനം ഉപയോഗപ്പെടുത്തുന്നത്

(2) ശബ്ദം തിരിച്ചറിയുകയും അതിലുള്ള ലഭ്യവസ്തുക്കളുടെ അർത്ഥം അറിയലും

(3) ശബ്ദങ്ങൾ കേൾക്കുന്നതും മനസ്സിലാക്കുന്നതും

(4) ഉള്ളടക്കം അനുമാനിക്കുന്നത്

**114.** താഴെപ്പറഞ്ഞവയിൽ പാഠശ്രവണാസൂത്രണത്തിൽ സുപ്രധാനമല്ലാത്ത ഘടകം ഏത് ?

(1) ഭാഷകരുടെ ലിംഗം

(2) ഭാഷകരുടെ എണ്ണം

(3) ആലേഖനപ്രക്രിയയിൽ അല്പനേരം വിരാമം

(4) സംഭാഷണത്തിന്റെ വേഗം

www.careerindia.com

CAREERINDIA

**115.** ഭാഷയുടെ ഏതു നൈപുണിയാണ് 'സ്വീകാരനൈപുണി' എന്നു വിളിക്കപ്പെടുന്നത് ?

(1) വായനയും എഴുത്തും
(2) ശ്രവണവും വായനയും
(3) ശ്രവണവും ഭാഷണവും
(4) ഭാഷണവും എഴുത്തും

**116.** റെസ്റ്റോറന്റുകളിൽ ഉപയോഗിച്ചുവരുന്ന പദാവലികൾ പരിചയപ്പെടുത്തുന്ന ഒരുനിയോഗം പഠിതാക്കൾക്ക് ടീച്ചർ നൽകി. ഈ പാഠത്തിന്റെ ഉദ്ദേശ്യമെന്താണെന്ന് കണ്ടെത്തുക.

(1) അവധിക്കാലകേന്ദ്രത്തെക്കുറിച്ച് പുസ്തകത്തിലൂടെ പരിചയപ്പെടുത്തുന്നു.
(2) വിമർശനാത്മകചിന്ത വികസിപ്പിക്കുന്നു.
(3) ശബ്ദകോശങ്ങളിലൂടെ പഠിതാക്കളെ സജ്ജരാക്കുന്നു.
(4) വ്യാകരണപരമായ ഇനങ്ങളിലൂടെ പരിചയപ്പെടുത്തുന്നു.

**117.** ഒരു അദ്ധ്യാപകന്റെ മാർഗദർശിത്വത്തിൻ കീഴിൽ ഒരു ഭാഷാ ക്ലാസ്സിൽ വിദ്യാർത്ഥികൾ പല ഗ്രൂപ്പുകൾ രൂപവത്കരിച്ച് നല്കപ്പെട്ട ഒരുവിഷയത്തെ അധികരിച്ച് ഒരുപരസ്യം അവതരിപ്പിച്ചു. ഈ രീതിയിലുള്ള ഭാഷാപഠനത്തെ വിളിക്കുന്നത് എന്ത് ?

(1) ഭാഷാകേളികൾ
(2) മാർഗദർശനവും ഉപദേശവും
(3) പങ്കാളിത്തപഠനം
(4) മത്സരവും സ്പർദ്ധയും

**118.** ഭാഷാപരമായ ധർമങ്ങളായ സ്വരഭേദം, ഭാവം, ഊന്നൽ, താളം എന്നിവ അറിയപ്പെടുന്നത് :

(1) ഉച്ചാരണശാസ്ത്രസംബന്ധം
(2) പ്രായോഗികവാദം
(3) കവിത
(4) ഛന്ദോവിഷയകം

**119.** ഒരു ഭാഷാ ക്ലാസ്സിൽ ഒരുവിഭാഗം കുട്ടികളോട് വാങ്ങുന്നവരായും വസ്തുവിൽപനക്കാരായും നാട്ടുപ്രഭുക്കളായും വാടകക്കാരായും അഭിനയിക്കാൻ ആവശ്യപ്പെട്ടു. മറ്റുകുട്ടികളോട് ഇതു കാണുവാനും അവരുടെ സംഭാഷണങ്ങൾ കേട്ടുരസിക്കുവാനും ആവശ്യപ്പെട്ടു. ഈ പ്രവൃത്തിയെ വിളിക്കുന്നതെന്ത് ?

(1) അഭിനയപാഠം (2) മാർഗദർശനം (3) പത്രനാട്യം (4) നാടകം

**120.** ഒരു സ്കൂൾ ഗുണപ്രദമായ ദ്വിഭാഷിത്വം പിന്തുടരേണ്ടതുണ്ട്. എന്തുകൊണ്ടെന്നാൽ,

(1) കുട്ടിയുടെ ഭാഷയെ മാത്രം പ്രോത്സാഹിപ്പിക്കുന്നു, സംസ്കാരത്തെ പ്രോത്സാഹിപ്പിക്കുന്നില്ല.
(2) ഒന്നാംഭാഷയുടെ വികാസം തടയുന്നു.
(3) കുട്ടിയുടെ സംസ്കാരത്തെയും ഭാഷയെയും വിലമതിക്കുന്നു.
(4) രണ്ടാംഭാഷയായ ഇംഗ്ലിഷിന്റെ പഠനത്തിന് പ്രാധാന്യം നൽകുന്നു.

www.careerindia.com

CAREERINDIA

**135.** 'കേൾപ്പോർ' സമാസം എന്ത് ?

(1) ദ്വന്ദ്വസമാസം
(2) മധ്യമപദലോപിതൽപുരുഷൻ
(3) ബഹുവ്രീഹി
(4) കർമധാരയൻ

**136.** ഭാരതത്തിന്റെ ഭാഷാവിദ്യാഭ്യാസദർശനം (ത്രിഭാഷാസമവാക്യം) പ്രോത്സാഹിപ്പിക്കുവാൻ ശ്രമിച്ചത് എന്ത് ?

(1) ഹിന്ദിയിലൂന്നിക്കൊണ്ട് ദ്വിഭാഷിത്വവിദ്യാഭ്യാസം
(2) മാതൃഭാഷാധിഷ്ഠിതബഹുഭാഷിത്വം
(3) ബഹുഭാഷാവിദ്യാഭ്യാസം
(4) ഏകഭാഷാപരമായ വിദ്യാഭ്യാസം

**137.** മൃഗങ്ങൾ പ്രധാനകഥാപാത്രമാകുന്നതും പൂർണവും സ്പഷ്ടവുമായ സന്മാർഗബോധം പഠിപ്പിക്കുന്നതുമായ ചെറുകഥയെ എന്തു വിളിക്കാം ?

(1) ശാസ്ത്രനോവൽ
(2) യാത്രാവിവരണം
(3) ഭാവന
(4) കെട്ടുകഥ

**138.** ഇവയിൽ ശരിയായ പ്രസ്താവന ഏത് ?

(a) അക്ഷരം എഴുതാനും വായിക്കാനുമാവാത്ത അവസ്ഥ ഒരു വായനവൈകല്യമാണ്.
(b) മനസ്സിലാകുന്ന രീതിയിൽ എഴുതാൻ കഴിയായ്ക എന്നത് ഒരു രചനാവൈകല്യമാണ്.
(c) മനസ്സിലാകുന്ന രീതിയിൽ എഴുതാൻ കഴിയായ്ക എന്നത് ഒരു വായനവൈകല്യമാണ്.
(d) അക്ഷരം എഴുതാനും വായിക്കാനുമാവാത്ത അവസ്ഥ ഒരു രചനാവൈകല്യമാണ്.

(1) (a) യും (b) യും ശരിയാണ്
(2) (c) യും (d) യും ശരിയാണ്
(3) (a) മാത്രമാണ് ശരി
(4) (b) യും (d) യും മാത്രമാണ് ശരി

www.careerindia.com

**143.** ഭാഷയുടെ തുറസ്സിലേക്ക് പഠിതാക്കൾ എത്തിച്ചേരണം. പിഴവുകൾ പഠനം നടക്കുന്നുണ്ട് എന്നതിന്റെ തെളിവ് ആവിഷ്കരിക്കുന്നതാണ്. ഇങ്ങനെ അഭിപ്രായം ഉള്ളവർ :

(1) ഹ്യൂമനിസ്റ്റുകൾ (2) സൈക്കോ അനാലിസ്റ്റുകൾ

(3) ബിഹേവിയറിസ്റ്റുകൾ (4) കൊഗ്നിവിസ്റ്റുകൾ

**144.** ഭാഷാപഠനത്തിലെ സർഗാത്മകത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത് ?

(1) പുതിയ ബോധനസമ്പ്രദായം ഉപയോഗിച്ച് ക്ലാസ്റൂം പ്രവർത്തനം നടത്തുക.

(2) ആശയവിനിമയഭാഷാപഠനം ഉപയോഗിച്ച് ക്ലാസ്റൂം വിഭവങ്ങൾ പ്രയോജനപ്പെടുത്തുക.

(3) വ്യത്യസ്തവ്യാഖ്യാനങ്ങളും ഉത്തരങ്ങളും അനുവദിക്കുന്ന വിവൃതനിയോഗങ്ങളോടു കൂടിയ ക്ലാസ് മുറികൾ.

(4) വിവിധവിഷയങ്ങളിലെ ഘടകങ്ങളെ കൂട്ടിച്ചേർത്ത് ചിലതു ഗ്രഹിക്കുക.

**145.** അനേകം സമകാലികവും വിഭിന്നകാലികവുമായ ഓൺലൈൻ പഠനാവസരങ്ങൾ നൽകുന്ന ഉപകരണം ഏത് ?

(1) ടെലിവിഷൻ (2) കൈബുക്ക്

(3) പാഠപുസ്തകം (4) റെയിൽവേ ടിക്കറ്റ്

**146.** ഭാഷാപഠനത്തിലെ പിഴവുകളുമായി ശരിയാകാത്ത പ്രസ്താവന ഏത് ?

(1) ഭാഷാപഠനപ്രക്രിയയിലെ നിർണായകവശങ്ങളാണ് പിഴവുകൾ.

(2) രണ്ടാംഭാഷയുടെ ആർജ്ജനത്തിന്റെ പ്രക്രിയ മനസ്സിലാക്കാൻ പിഴവുകൾ സഹായിക്കുന്നു.

(3) ഭാഷാപഠനപ്രക്രിയയെ പിഴവുകൾ തടസ്സപ്പെടുത്തുന്നു.

(4) പിഴവുകൾ എപ്പോഴും മോശമല്ല; പഠനത്തിൽ സഹായിയുമാണ്.

**147.** 'ആരോഗ്യമാണ് സമ്പത്ത്' എന്ന ഒരു ഓഡിയോ, ടീച്ചർ രണ്ടാംഭാഷാ ക്ലാസ്സിൽ കേൾപ്പിച്ചു കൊടുത്തു. അതിനു ശേഷം ഒരു ലഘുലേഖ കൊടുത്തിട്ട് ഓപ്ഷനിൽനിന്ന് ശരിയുത്തരം അടയാളമിടാൻ ആവശ്യപ്പെട്ടു. ഈ ബോധനരീതിയിലൂടെ പഠിതാവ് ഏതു ലക്ഷ്യത്തിലേക്കെത്തിച്ചേരണം ?

(1) ആശയാപഗ്രഥനത്തിന് സജ്ജരാകുക.

(2) ആരോഗ്യം, സമ്പത്ത് എന്നിവയെക്കുറിച്ചുള്ള പാഠം മനഃപാഠം പഠിക്കുക.

(3) ആരോഗ്യത്തെക്കുറിച്ചുള്ള പാഠം കേൾക്കുക.

(4) പഠിതാക്കളെ ഒരുനിയോഗത്തിൽ ഏർപ്പെടുത്തുക.

www.careerindia.com

